## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2146 — 18-12-2012-ൽ മറുപടിക്ക്

### ചാർജ്കുടി ശ്ശിക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഇ. എസ് . ബിജിമോൾ<br>ശ്രീ. കെ. അജിത്<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. എസ്. സുനിൽകുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി ) |
| (എ) വൈദ്യുതി ബോർഡിന്റെ കുടിശ്ശിക സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട് ; കേസ്സിൽപ്പെട്ട് പിരിച്ചെടുക്കാൻ കഴിയാത്ത തുക എത്ര; | (എ) | (എ) വൈദ്യുതി കടിശ്ശിക സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിലവിലുള്ള 125 (നൂറ്റി ഇരുപത്തഞ്ച്) കേസുകളിൽ നിന്നായി ഏകദേശം 212 കോടി രൂപ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട് |
| (ബി) ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുത്ത് ഗാർഹിക ഉപഭോക്താക്കളുടെമേൽ ഇപ്രകാരം വരുന്ന അധിക ബാധ്യത ഒഴിവാക്കുമോ? | (ബി) | നിലവിൽ വൈദ്യുതി ബോർഡിൽ പിൻതുടരുന്ന അക്കൌണ്ടിംഗ് സംവിധാനമനുസരിച്ച് ഒരു ഉപഭോക്താവിന് ഉപയോഗിച്ച വൈദ്യുതിയുടെ ചാർജ്ജ് രേഖപ്പെടുത്തിക്കൊണ്ടുള്ള ഇൻവോയിസ് നൽകുമ്പോൾ തന്നെ ടി. ചാർജ്ജ് വരുമാനമായിട്ടാണ് കണക്കാക്കുന്നത്. അതായത് Accrual രീതിയാണ് അവലംബിക്കുന്നത്. പിരിഞ്ഞു കിട്ടിയാലും ഇല്ലെങ്കിലും ഇൻവോയിസ് തുക 'വരുമാന'മായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ ബോർഡിന്റെ വരുമാനം നിർണ്ണയിക്കുന്നതും ബോർഡ് ഉപഭോക്താക്കൾക്കു നൽകുന്ന ഇൻവോയിസ് അടിസ്ഥാനപ്പെടുത്തിയാണ് റഗുലേറ്ററി കമ്മീഷൻ റവന്യൂക്കമ്മി നിർണ്ണയിക്ക- |

മ്പോഴും "വരുമാനം" കണക്കാക്കുന്നത് മേൽ വിവരിച്ച പ്രകാരമാണ്. റവന്യൂക്കമ്മിയുടെ അടിസ്ഥാനത്തിലാണ് റഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത്. ആയതിനാൽ ഗാർഹിക ഉപഭോക്താക്കളുടെ താരിഫ് വർദ്ധിക്കുന്നതു കടിശ്ശിക പിരിച്ചെടുക്കാത്തതു മൂലമല്ല. കടിശ്ശിക പിരിഞ്ഞു കിട്ടാതെ വരുമ്പോൾ ബോർഡ് മറ്റു മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുന്ന തുകയും പലിശയും അനുബന്ധ കണക്കുകളും സംസ്ഥാന റഗുലേറ്ററി കമ്മീഷൻ 'റവന്യൂക്കമ്മി' അംഗീകരിക്കുന്നതിന് പരിഗണിക്കുന്നുമില്ല. കടിശ്ശിക പിരിച്ചെടുക്കുന്നതിന് ബോർഡ് ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**